ॐ



ബഹുരൂപൈകരൂപം തദ്ദൃശ്യതേ ന ച ദൃശ്യതേ
മായാമയം മയകൃതം ദുർവിഭാവ്യം പരൈരഭൂത് (10-76-21)
ക്വചിദ്ഭൂമൌ ക്വചിദ്വ്യോമ്നി ഗിരിമൂർദ്ധ്നി ജലേ ക്വചിത്
അലാതചക്ര വദ് ഭ്രാമ്യത്സൌഭം തദ്ദുരവസ്ഥിതം (10-76-22)

*ശുകമുനി തുടർന്നു:*
ശിശുപാലന്റെ സുഹൃത്തായ സാല്വൻ രുഗ്മിണീഹരണസമയത്ത് തന്റെ തോഴനു പറ്റിയ അപമാനത്തിന് പകരം ചോദിക്കാനും യാദവകുലത്തെ നശിപ്പിക്കാനും നിശ്ചയിച്ചിരുന്നു. അതിനായി അദ്ദേഹം ഒരു കഠിന തപസ്സാരംഭിച്ചു. ദിവസവും ഒരു പിടി പൊടി മാത്രം കഴിച്ച് അദ്ദേഹം പരമശിവനെ ധ്യാനിച്ചു. പരമശിവൻ ക്ഷിപ്രപ്രസാദിയത്രേ. പരമശിവൻ പ്രത്യക്ഷനായി വരവും നൽകി. സാല്വനു വേണ്ടിയിരുന്നത്, ദേവൻമാരാലും മനുഷ്യരാലും അസുരൻമാരാലും നശിപ്പിക്കാൻ കഴിയാത്തതും തന്റെ മനസ്സു പറയുന്നിടത്തേയ്ക്കു പറന്നു ചെല്ലാൻ കഴിയുന്നതുമായ ഒരു വിമാനമായിരുന്നു. ആയതുകൊണ്ട് യാദവൻമാർക്കൊരു പേടിസ്വപ്നമായി മാറാനും കഴിയണം. പരമശിവൻ സാല്വന്റെ ആഗ്രഹസാദ്ധ്യത്തിനായി ദേവശിൽപ്പിയായ മയനാൽ നിർമ്മിതമായ ഒരു വിമാനം നൽകി. സൗഭം എന്നാണതിനു പേര്. ഇരുമ്പു കൊണ്ട് നിർമ്മിച്ച സൗഭം ഒരു ചെറിയ നഗരം പോലെ കാണപ്പെട്ടു. അകത്തു മുഴുവൻ കൂരിരുട്ട്. ആർക്കും കടന്നു ചെല്ലാൻ കഴിയുകയുമില്ല. അതിന്റെ ഉടമസ്ഥന്റെ ആഗ്രഹമനുസരിച്ച് വിമാനം സഞ്ചരിക്കുന്നതാണ്.

സൗഭത്തിലേറി സാല്വൻ ദ്വാരക ലക്ഷ്യമാക്കി പറന്നു. അവന്റെ സൈന്യം ദ്വാരകയുടെ പ്രാന്തപ്രദേശങ്ങളും ആക്രമിച്ചു. സൗഭത്തിൽ നിന്നും അതിഭയങ്കരങ്ങളായ അസ്ത്രപ്രയോഗങ്ങൾ നടത്തി സാല്വൻ. കൃഷ്ണ പുത്രനായ പ്രദ്യുമ്നൻ യാദവരക്ഷയ്ക്കായെത്തി. സ്വന്തം അസ്ത്രങ്ങൾ കൊണ്ട് സൗഭത്തെ ചുറ്റിനിന്ന മായാവലയത്തെ പ്രദ്യുമ്നൻ തകർക്കാനും വിമാനത്തെ ആക്രമിക്കാനും സൈന്യത്തെ തുരത്താനും തുടങ്ങി. സൗഭത്തിന്റെ നിർമ്മിതി അത്ഭുതാവഹമായിരുന്നു എന്നു പറഞ്ഞുവല്ലോ. ഒരേ സമയം ഒന്നായും പലതായും അതു കാണപ്പെട്ടു. അത് ചിലപ്പോൾ പ്രത്യക്ഷപ്പെടും. ചിലപ്പോൾ അതിന്റെ സ്ഥാനം ആർക്കും നിശ്ചയി ക്കാനാവാത്ത വിധം നിലകൊണ്ടു. ചിലപ്പോൾ നിലത്തും മറ്റുചിലപ്പോൾ ആകാശത്തും മലമുകളിലും ജലനിരപ്പിലും സൗഭം കാണപ്പെട്ടു. ഒരഗ്നിശലാകപോലെ ഒരിടത്തും നിൽക്കാതെ അതങ്ങിനെ പാറി നടന്നു. സാല്വൻ തളർന്നു വീഴുംവരെ യാദവസൈന്യം പ്രത്യാക്രമണം തുടർന്നു.

ദ്യുമാൻ, പ്രദ്യുമ്നന്റെ ശരമാരിയേറ്റ് വീണിരുന്നു. എന്നാൽ അയാൾ പെട്ടെന്നു ചാടിയെണീറ്റ് തന്റെ ഗദയെടുത്ത് പ്രദ്യുമ്നന്റെ നെഞ്ചിൽ ആഞ്ഞിടിച്ചു. നെഞ്ചു തകർന്നപോലെ അദ്ദേഹം യുദ്ധക്കളത്തിൽ വീണു. അദ്ദേഹത്തിന്റെ സാരഥി പെട്ടെന്നു രഥം പായിച്ച് ശുശ്രൂഷിച്ച് പ്രദ്യുമ്നന്റെ ജീവൻ രക്ഷിച്ചു. ബോധം വീണപ്പോൾ പ്രദ്യുമ്നൻ സാരഥിയെ ശകാരിച്ചു. യുദ്ധക്കളത്തിൽ നിന്നും ഓടിപ്പോകുന്നത് ഭീരുത്വമെന്ന് വ്യാഖ്യാനിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ മതം. എന്നാൽ സാരഥി പറഞ്ഞു: അദ്ദേഹത്തിന്റെ ധർമ്മമാണ് ഇങ്ങിനെയുള്ള ഒരാപത്തിൽ തന്റെ യജമാനന്റെ ജീവൻ രക്ഷിക്കുക എന്നത്.